നിശാ തപാലാപ്പീസുകൾ

661 [954] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏതെല്ലാം ജില്ലയിൽ നിശാ തപാലാപ്പീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിശാ തപാലാപ്പീസുകൾ ഇല്ലാത്ത ജില്ലകളിൽ നിശാ തപാലാപ്പീസുകൾ തുറക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിശാ തപാലാപ്പീസുകൾ ഇല്ലാത്ത ജില്ലകളിലുള്ള റെയിൽവേ മെയിൽ സർവ്വീസ് ആഫീസിൽ സ്റ്റാമ്പു വിൽപ്പന നടത്തുന്നതോടൊപ്പം എല്ലാവിധ തപാൽ സർവ്വീസും നടത്തുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ;

(ഡി) എങ്കിൽ പരീക്ഷണമെന്ന നിലയിൽ ഒലവക്കോട്ടുള്ള (പാലക്കാട്) റെയിൽവേ മെയിൽ സർവ്വീസിനെ ആദ്യം തന്നെ തിരഞ്ഞെടുക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ;

(ഇ) നിലവിലുള്ള റെയിൽവേ മെയിൽ സർവ്വീസിൽ 24 മണിക്കൂറും കമ്പി മണിഓർഡറും, മണിഓർഡറും സ്വീകരിക്കുവാൻ വേണ്ടുന്ന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കോട്ടയം, എറണാകുളം, മട്ടാഞ്ചേരി, കോഴിക്കോട് എന്നീ അഞ്ചു പോസ്റ്റ് ഓഫീസുകളിൽ.

(ബി) തപാൽ വകുപ്പിന് ഇപ്പോൾ പരിപാടിയൊന്നുമില്ലെന്ന് അറിയുന്നു.

(സി) കേരളത്തിലെ എല്ലാ സോർട്ടിംഗ് ആർ. എം. എസ്. ആഫീസുകളിലും ലേറ്റ് ഫീയോടുകൂടി എഴുത്തുകൾ പോസ്റ്റ് ചെയ്യാനും ലെറ്റർ മെയിൽ റജിസ്ട്രേഡ് ഉരുപ്പടികൾ സ്വീകരിക്കുന്നതിനും ഇപ്പോൾ ക്രമീകരണം ഉണ്ടെന്നറിയുന്നു.

(ഡി) സി യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല എന്ന് തപാൽ വകുപ്പു ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(ഇ) ഇക്കാര്യം തപാൽ വകുപ്പു പരിഗണിക്കേണ്ടതാണ്. വിവരത്തിന് കേന്ദ്ര ഗവൺമെന്റിൽ എഴുതുന്നതാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആസ്തി

662 [955] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly